അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

ഗുരുഭക്തി വനിതാ സ്വയം സഹായ സംഘം

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം ചാക്ക ശാഖയിൽ ഗുരുഭക്തി വനിതാ സ്വയം സഹായ സംഘം രൂപീകരിച്ചു. ശാഖാ പ്രസിഡന്റ് കെ. അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം യൂണിയൻ കൗൺസിലർ കെ. വി. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

യൂണിയൻ ഭരണസമിതി അംഗം വലിയതുറ ഷിബു സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. യൂണിയൻ കൗൺസിലർ പി.എസ്. പ്രേമചന്ദ്രൻ, ശാഖാസെക്രട്ടറി കെ. സനൽകുമാർ, വനിതാസംഘം യൂണിയൻ പ്രതിനിധി എം. നിർമ്മല എന്നിവർ സംസാരിച്ചു.

ഭാരവാഹികളായി എൽ. പ്രിയ (കൺവീനർ), കെ. സുധർമ്മ (ജോയിന്റ് കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു. ശാഖാ രക്ഷാധികാരി എ. പ്രഭാകരൻ സ്വാഗതവും ശാഖാ എക്സിക്യൂട്ടീവ് അംഗം സരള നന്ദിയും പറഞ്ഞു.

റേഷൻകാർഡ് രജിസ്ട്രേഷൻ: അക്ഷയ സംരംഭകർക്ക് പരിശീലനം

ഉള്ളൂർ : റേഷൻകാർഡ് ഓൺലൈൻ രജിസ്ട്രേഷന് മുന്നോടിയായി അക്ഷയ സംരംഭകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കും. അസോസിയേഷൻ ഒഫ് ഐ.ടി എംപ്ലോയീസ് പ്രതിനിധികളുടെ ആവശ്യപ്രകാരമാണ് 13 ന് രാവിലെ തിരുവനന്തപുരത്തെ എൽ.എം.എസ് കോമ്പൗണ്ടിൽ പരിശീലനം സംഘടിപ്പിക്കാൻ അക്ഷയ ഡയറക്ടർ തീരുമാനിച്ചത്.

16 മുതലാണ് റേഷൻകാർഡ് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്നത്. ഇതിന് മുന്നോടിയായി അക്ഷയ സംരംഭർക്ക് ഓൺ ലൈൻ പോർട്ടൽ പരിചയപ്പെടുന്നതിനോടൊപ്പം റേഷൻ കാർഡുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനുമാണ് പരിശീലനം.

പുതിയ റേഷൻകാർഡ് അപേക്ഷ നൽകുക, കാർഡിലുൾപ്പെട്ടിട്ടില്ലാത്ത അംഗങ്ങളെ ചേർക്കുക, തെറ്റുതിരുത്തുക തുടങ്ങിയ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാകും. 2010 മുതൽ ഈ സേവങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് പൊതുജനങ്ങൾക്ക് നൽകിയിരുന്നത്.

എന്നാൽ നാലു വർഷമായി നിറുത്തി വച്ചിരിക്കുകയായിരുന്നു. ഇതാണ് പുനഃസ്ഥാപിക്കുന്നത്. ഡയറക്ടറുടെ നിർദ്ദേശത്തെ തുടർന്ന് എല്ലാ അക്ഷയ കേന്ദ്രങ്ങളും അവശ്യം വേണ്ട സജ്ജീകരണങ്ങൾ ഒരുക്കിയതായി എ.ഐ.ടി.ഇ ജില്ലാ കൺവീനർ സജയകുമാർ, യു.എസ് ജോയിന്റ് കൺവീനർ സ്റ്റീഫൻ ജെ എന്നിവർ പറഞ്ഞു.

പേട്ട താഴശേരി വിരാട് വിശ്വബ്രഹ്മ ക്ഷേത്രം

തിരുവനന്തപുരം: പേട്ട താഴശേരി വിരാട് വിശ്വബ്രഹ്മ ക്ഷേത്രം പ്രതിഷ്ഠാവാർഷികം നാളെ നടക്കും. ഉത്സവത്തോടനുബന്ധിച്ച് അഷ്ടദ്രവ്യ ഗണപതിഹോമം, സുദർശന ഹോമം, മൃത്യുഞ്ജയഹോമം, വാസ്തുഹോമം, വാസ്തുബലി എന്നിവ ഉണ്ടാകും.

വൈകിട്ട് 4.30ന് പാർവതി അമ്മാളും സംഘവും അവതരിപ്പിക്കുന്ന ദേവിമാഹാത്മ്യ പാരായണം, രാത്രി 8ന് റിഥം മ്യൂസിക് ആൻഡ് വേവ്സിന്റെ ഗാനമേള എന്നിവ ഉണ്ടായിരിക്കും. ഉച്ചയ്ക്ക് 12.30ന് അന്നദാനവും രാത്രി 8ന് ലഘുഭക്ഷണവിതരണവും ഉണ്ടായിരിക്കും.

ആത്മോപദേശ ശതകം പഠനക്ലാസ്

തിരുവനന്തപുരം : ശ്രീനാരായണ ഗുരുവിന്റെ ആത്മോപദേശ ശതകം ഗുരു മുനി നാരായണ പ്രസാദിന്റെ വ്യാഖ്യാനത്തെപ്പറ്റി ഡോ. എസ്.കെ. രാധാകൃഷ്ണന്റെ പ്രഭാഷണവും കെ. സുലോചനന്റെ ഗുരുകൃതി പാരായണവും പേട്ട പള്ളിമുക്കിലെ ഗുരുബുക്ക് സെന്ററിൽ (തോപ്പിൽ വീട്) ഇന്ന് വൈകിട്ട് 5.30 ന് നടക്കുമെന്ന് കൺവീനർ എസ്. ശ്രീകണ്ഠൻ അറിയിച്ചു. ഫോൺ : 9633438005.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: തൈക്കാട് വൈദ്യുതി സെക്ഷനിലെ വലിയശാല തെരുവ്, മയിലാടിക്കടവ്, വലിയശാല ബ്രിഡ്ജ് എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

ഇക്കോ ഷോപ്പിന്റെ ഉദ്ഘാടനം ഇന്ന്

ശ്രീകാര്യം: ശ്രീകാര്യം കൃഷിഭവന്റെ പ്രാദേശിക ജൈവോത്പന്ന സംഭരണ വിപണന കേന്ദ്രമായി അപ്ഗ്രേഡ് ചെയ്ത പാങ്ങപ്പാറ 'കൃഷിപ്പുര ഇക്കോ ഷോപ്പിന്റെ' ഉദ്ഘാടനം ഇന്ന് രാവിലെ 10ന് മേയർ വി.കെ. പ്രശാന്ത് നിർവഹിക്കും.

കൃഷിഭവന്റെ സഹായത്തോടെ കർഷകരിൽ നിന്നും ജൈവ കാർഷികോത്പന്നങ്ങൾക്ക് ശേഖരിച്ച് വില്പന നടത്തുകയും കർഷകർക്ക് ആവശ്യമായ ജൈവ വളങ്ങളും വിത്തുകളും ന്യായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യും. കൗൺസിലർമാരായ ഷീല, സുദർശനൻ തുടങ്ങിയവർ പങ്കെടുക്കും.

ബി.എം.എസ് ധർണ ഇന്ന്

തിരുവനന്തപുരം: എയർപോർട്ട് ടാക്സി ഡ്രൈവേഴ്സ് വെൽഫെയർ അസോസിയേഷനിൽ നടക്കുന്ന തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ ബി.എം.എസ് ഇന്ന് അസോസിയേഷൻ ഓഫീസിനു മുന്നിൽ ധർണ നടത്തും.

കേരള ടാക്സി ആൻഡ് ലൈറ്റ് മോട്ടോർ മസ്ദൂർ ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഗോവിന്ദ് ആർ. തമ്പി ഉദ്ഘാടനം ചെയ്യും. ബി.എം. എസ് ജില്ലാ വൈസ് പ്രസിഡന്റ് സി.ജ്യോതിഷ് കുമാർ മുഖ്യ പ്രഭാഷണം നടത്തും.

എ.ഐ.ബി.ഒ.സി സെമിനാർ

തിരുവനന്തപുരം: ആൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷൻ വൈ.എം.സി.എ ലൈബ്രറി ഹാളിൽ സംഘടിപ്പിച്ച 'ധനമേഖലാ സ്വാതന്ത്ര്യ സംരക്ഷണ പ്രസ്ഥാനത്തിന്റെ പ്രസക്തി' എന്ന വിഷയത്തിലെ സെമിനാർ പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ.കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു. എ.ഐ.ബി.ഒ.സി മുൻ ദേശീയ സെക്രട്ടറി ഡി.ടി. ഫ്രാങ്കോ മുഖ്യപ്രഭാഷണം നടത്തി.

സംസ്ഥാന പ്രസിഡന്റ് ജി.ആർ. ജയകൃഷ്ണൻ അദ്ധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി എബ്രഹാം ഷാജി ജോൺ സംസാരിച്ചു.

ജില്ലാ പ്രസിഡന്റ് ശ്രീനിവാസ് നായിക് സ്വാഗതവും, ജില്ലാ സെക്രട്ടറി ജയകുമാർ നന്ദിയും പറഞ്ഞു. ജൂൺ 30ന് സർവീസിൽ നിന്നു വിരമിച്ച ഡി.ടി. ഫ്രാങ്കോയ്ക്ക് എ.ഐ.ബി.ഒ.സി, ആൾ ഇന്ത്യ ബാങ്ക് പെൻഷനേഴ്സ് ആന്റ് റിട്ടയറീസ് കോഓർഡിനേഷൻ സംഘടനകൾ ഉപഹാരം നൽകി.

ജില്ലാതല ചിത്രരചനാ മത്സരം

ആറ്റിങ്ങൽ: മാനവസേവ വെൽഫെയർ സൊസൈറ്റിയുടെ വാർഷികാഘോഷത്തിന്റെ ഭാഗമായി സൊസൈറ്റിയും ആറ്റിങ്ങൽ അറേബ്യൻ ജൂവലറിയും പൊയ്കമുക്ക് നിസരി കേബിൾ നെറ്റ് വർക്കും സംയുക്തമായി 14 ന് രാവിലെ 9 ന് ഇളമ്പ ഗവ. എൽ.പി.എസിൽ ജില്ലാതല ചിത്ര രചനാ മത്സരം നടത്തും.

ഇതോടനുബന്ധിച്ചു നടക്കുന്ന യോഗത്തിൽ കെ. ശ്രീനിവാസൻ അദ്ധ്യക്ഷത വഹിക്കും. ബ്ലോക്ക് പഞ്ചായത്ത് അംഗം ഇളമ്പ ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യും. അനിൽകുമാർ, ഷീബ അനിൽകുമാർ, കെ.പ്രസാദ് എന്നിവർ സംസാരിക്കും. ജൂനിയർ, സബ് ജൂനിയർ, സീനിയർ തലങ്ങളിൽ മത്സരം നടക്കും. ഫോൺ: 9847350548, 9495801894, 9946989032.

പാർക്കിംഗ് കൊള്ളയ്ക്ക് നഗരസഭയുടെ കടിഞ്ഞാൺ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: നഗരത്തിലെ തോന്നുംപടിയുള്ള പാർക്കിംഗ് പിരിവിന് അവസാനമാകുന്നു. വൻതുക ഈടാക്കിയുള്ള സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾക്ക് കടിഞ്ഞാണിട്ടുകൊണ്ട് പുതിയ പാർക്കിംഗ് നയത്തിന് നഗരസഭ കൗൺസിൽ യോഗത്തിന്റെ അംഗീകാരം. വൻകിട സ്ഥാപനങ്ങൾക്കും ഷോപ്പിംഗ് സെന്ററുകൾക്കും പുതിയ നയം തിരിച്ചടിയാകും. സ്വകാര്യ ആശുപത്രികൾ, വ്യാപാര സമുച്ചയങ്ങൾ, മാളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ നാലുചക്ര വാഹനം പാർക്ക് ചെയ്യുന്നതിന് മണിക്കൂറിന് 50 രൂപ വരെ ഈടാക്കുന്നതായാണ് പരാതി. വാഹനം തിരിച്ചെടുക്കാൻ മിനിട്ടുകൾ താമസിച്ചാൽ തുകയുടെ ഇരട്ടി നൽകേണ്ടി വന്നിരുന്നു. ഇത്തരം പരാതികളുണ്ടായപ്പോഴാണ് പാർക്കിംഗ് ഫീ പിരിവിന്റെ പേരിൽ നടക്കുന്ന കൊള്ള അവസാനിപ്പിക്കുന്നതിന് നഗരാസൂത്രണ വിഭാഗം പാർക്കിംഗ് നയം തയ്യാറാക്കിയത്. ഇതിനാണ് കൗൺസിൽ യോഗം ഇന്നലെ അംഗീകാരം നൽകിയത്.

പ്രധാന തീരുമാനങ്ങൾ

- സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങളിൽ എത്തിക്കുന്നതു മുതൽ തിരിച്ചെടുക്കുന്നതു വരെ വാഹനങ്ങളുടെ സുരക്ഷിതത്വം ഉൾപ്പെടെ പൂർണ ഉത്തരവാദിത്വം ഇനിമുതൽ പാർക്കിംഗ് കേന്ദ്രം നടത്തിപ്പുകാർക്ക്
- രണ്ടു ദിവസത്തിൽ കൂടുതൽ വാഹനം പാർക്കു ചെയ്യണമെങ്കിൽ പൊലീസ്, കോർപറേഷൻ അധികൃതരുടെ അനുമതി വാങ്ങിയിരിക്കണം
- കെട്ടിട സമുച്ചയത്തോടു ചേർന്നാണ് പാർക്കിംഗ് കേന്ദ്രം ഒരുക്കുന്നതെങ്കിൽ കെട്ടിടനിർമാണ ചട്ട പ്രകാരമുള്ള പാർക്കിംഗ് സ്ഥലം വേർതിരിക്കണം
- വാഹനത്തിന്റെ രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ, പാർക്കിംഗ് കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സമയം എന്നിവ ഉൾപ്പെടുന്ന രസീത് എല്ലാ വാഹനയുടമകൾക്കും നൽകണം

'അക്ഷരശ്രീ'യിൽ അഴിമതിയാരോപിച്ച് ബി.ജെ.പിയുടെ വാക്കൗട്ട്

തിരുവനന്തപുരം: അക്ഷരശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കാതെ ബി.ജെ.പി കൗൺസിലർമാർ അഴിമതിയാരോപണം ഉന്നയിച്ച് നഗരസഭ കൗൺസിൽ യോഗത്തിൽ നിന്ന് വാക്കൗട്ട് നടത്തി. ഒന്നര മണിക്കൂറോളം നീണ്ട ചർച്ചയിൽ പങ്കെടുക്കാതെ ബി.ജെ.പി കൗൺസിലർമാർ കോർപറേഷൻ ഓഫീസിന് മുന്നിൽ കുത്തിയിരുന്നു. അതേസമയം അക്ഷരശ്രീ പദ്ധതി നടത്തിപ്പിൽ ഭരണപക്ഷത്തിന് യു.ഡി.എഫ് പിന്തുണ പ്രഖ്യാപിച്ചു.

യു.ഡി.എഫ് ചൂണ്ടിക്കാണിച്ച തെറ്റുകുറ്റങ്ങൾ പരിശോധിക്കാമെന്ന് മേയർ ഉറപ്പ് നൽകിയതോടെ ഇരുകൂട്ടരും സന്തോഷത്തോടെ യോഗ നടപടികൾ അവസാനിപ്പിച്ചു. ഇന്നലെ ഉച്ചയ്ക്ക് 2.30ന് കൗൺസിൽ യോഗനടപടി ആരംഭിച്ചതോടെയാണ് ബി.ജെ.പി പാർലമെന്ററി പാർട്ടി നേതാവ് ഗിരികുമാർ അക്ഷരശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട ഉപക്ഷേപം അവതരിപ്പിച്ചത്.

14ന് നടക്കുന്ന സർവേയിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം വീടുകളിൽ നിന്നും നൽകണമെന്ന നിർദ്ദേശം പരിശോധിക്കണമെന്നും പദ്ധതിയിലെ അഴിമതി സംബന്ധിച്ച് മറ്റു ഔദ്യോഗിക കാര്യങ്ങൾ എടുക്കുന്നതിനുമുമ്പ് ചർച്ച നടത്തണമെന്നും ഗിരികുമാർ ആവശ്യപ്പെട്ടു. എന്നാൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി അജൻഡയിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അപ്പോൾ ചർച്ച നടത്താമെന്നും മേയർ അറിയിച്ചു. എന്നാൽ ഗിരികുമാർ തീരുമാനത്തിൽ ഉറച്ചുനിന്നു. ഇതോടെ മേയർ ഔദ്യോഗിക അജൻഡകളിലേക്ക് കടന്നു.

പിന്നാലെ ബി.ജെ.പി അംഗങ്ങൾ ഒന്നാകെ പ്രതിഷേധവുമായി എഴുന്നേൽക്കുകയും പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം വിളികളോടെ ഇറങ്ങിപ്പോകുകയും ചെയ്തു.

അംഗീകരിക്കാനാവില്ല: ബി.ജെ.പി

പദ്ധതിയുടെ ഭാഗമായി 14ന് നടക്കുന്ന സർവേയിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം നൽകുന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നതായി ബി.ജെ.പി നേതാവ് ഗിരികുമാർ പറഞ്ഞു. പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഴിമതിയുണ്ട്. അതിനാലാണ് ഔദ്യോഗിക പരിപാടികൾക്ക് മുമ്പ് ഇത് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. പദ്ധതിയുടെ പേരിൽ നടത്തുന്ന തട്ടിപ്പുകൾ അംഗീകരിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

അനാവശ്യ ആരോപണം: മേയർ

ചില കൗൺസിലർമാർ അക്ഷരശ്രീ പദ്ധതിയുടെ പേരിൽ അനാവശ്യ പ്രശ്നം സൃഷ്ടിക്കുകയാണെന്ന് മേയർ വി.കെ. പ്രശാന്ത് പറഞ്ഞു. ഉച്ചഭക്ഷണത്തിന്റെ കാര്യങ്ങൾ ഉൾപ്പെടെ അക്ഷരശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കും. എല്ലാ കാര്യങ്ങൾക്കും വിവരാവകാശം നൽകുന്ന ബി.ജെ.പിക്കാർക്ക് ഇതിനും അത് നൽകാവുന്നതേയുള്ളുവെന്നും മേയർ പറഞ്ഞു.

കമലേശ്വരം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എന്റെ കൗമുദി

കമലേശ്വരം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എന്റെ കൗമുദി പദ്ധതിയുടെ ഉദ്ഘാടനം പ്രൊഫ. ഡോ. ആർ. ചന്ദ്രശേഖരനും പൂന്തുറ എസ്.ഐ സജിൻ ലൂയിസും ചേർന്ന് വിദ്യാർത്ഥി പ്രതിനിധിക്ക് പത്രം നൽകി നിർവഹിക്കുന്നു. കൗൺസിലർ വി. ഗിരി ഒറ്റയിൽ, പി.ടി.എ പ്രസിഡന്റ് സുലൈമാൻ, പ്രിൻസിപ്പൽ ജി. ബേബി റാണി, ഹെഡ്മാസ്റ്റർ ഇൻചാർജ് എൻ.സി. ജോൺ, കേരളകൗമുദി അസിസ്റ്റന്റ് സർക്കുലേഷൻ മാനേജർ ആർ.പി. തംബുരു, കെ. ശ്രീകണ്ഠൻ എന്നിവർ സമീപം. സ്കൂളിലേക്ക് ആവശ്യമായ പത്രം സ്‌പോൺസർ ചെയ്യുന്നത് ഡോ. ചന്ദ്രൻസ് ആയുർവേദ ഹോസ്പിറ്റൽ കല്ലാട്ടുമുക്ക് മണക്കാട് എം.ഡി. പ്രൊഫ. ഡോ.ആർ. ചന്ദ്രശേഖരനാണ്

അമ്പലത്തറ ഗവ. യു.പി.എസിൽ എന്റെ കൗമുദി ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം : അമ്പലത്തറ ഗവ. യു.പി.എസിൽ എന്റെ കൗമുദി പദ്ധതിയുടെ ഉദ്ഘാടനം രാവിലെ 9.30ന് അമ്പലത്തറ ചന്ദ്രബാബു വിദ്യാർത്ഥി പ്രതിനിധിക്ക് പത്രം നൽകി നിർവഹിക്കും. പി.ടി.എ പ്രസിഡന്റ് നദീം മുഹമ്മദ് ഹുസൈന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഡെപ്യൂട്ടി കമ്മിഷണർ ഒഫ് പൊലീസ് (അഡ്മിൻ) പി.എൻ. രമേശ് കുമാർ മുഖ്യാതിഥി ആയിരിക്കും. എന്റെ കൗമുദി പദ്ധതിയുടെ വിശദീകരണം അസി. സർക്കുലേഷൻ ആർ.പി. തമ്പുരു നിർവഹിക്കും. ഹെഡ്മിസ്ട്രസ് ഓമന എസ്. സ്വാഗതവും കൗൺസിലർ എസ്. ഗീതകുമാരി, പി.ടി.എ വൈസ് പ്രസിഡന്റ് പൂന്തുറ സജീവ് എന്നിവർ ആശംസയും സ്റ്റാഫ് സെക്രട്ടറി അഷറഫ് എം. നന്ദിയും പറയും. സ്കൂളിലേക്കാവശ്യമായ പത്രം സ്‌പോൺസർ ചെയ്യുന്നത് അമ്പലത്തറ ചന്ദ്രബാബു ആണ്.



റോഡിലേക്ക് ചാഞ്ഞ് കിടക്കുന്ന മരച്ചില്ലകൾ മുറിച്ച് നീക്കുന്ന റോഡ് ഫണ്ട് ബോർഡിലെ ജീവനക്കാർ. സ്റ്റാച്യുവിൽ നിന്നുള്ള ദൃശ്യം

ഇലക്ട്രോണിക്സ് ഏജൻസിയിൽ നിന്ന് 20 ലക്ഷം തട്ടിയ ജീവനക്കാരൻ പിടിയിൽ

കിരൺ സജി

ഉള്ളൂർ: വ്യാജ രേഖ ചമച്ച് ആറ്റിൻകര ഇലക്ട്രോണിക്സ് ഏജൻസിയിൽ നിന്നു 20 ലക്ഷം തട്ടിയ ജീവനക്കാരനെ മെഡിക്കൽകോളേജ് പൊലീസ് പിടികൂടി.

സ്ഥാപനത്തിന്റെ പോങ്ങുംമൂട്ടിലെയും കാരയ്ക്കാമണ്ഡപത്തിലെയും ശാഖകളുടെ ഇൻ ചാർജും ഇ.എം.ഐ അഡ്വൈസറുമായ കവടിയാർ വിക്രമാ ഹിൽസിൽ കിരൺ സജിയാണ് (25) പിടിയിലായത്. കഴിഞ്ഞ ആറു മാസത്തിനിടെയാണ് തട്ടിപ്പ് നടന്നത്. തവണവ്യവസ്ഥയിൽ സാധനങ്ങൾ വില്പന നടത്തിയതായി വ്യാജ രേഖ ഉണ്ടാക്കിയാണ് തട്ടിപ്പ്. ആദ്യ ഗഡു അടച്ച് ഉപകരണം കരസ്ഥമാക്കിയ ശേഷം മറിച്ച് വിൽക്കും. കിട്ടിയ പണം മുഴുവൻ ആഡംബര ജീവിതം നയിക്കാനാണ് ചെലവഴിച്ചിരുന്നത്.

ലോണുകളുടെ തിരിച്ചടവ് മുടങ്ങുന്നതും സ്റ്റോക്കിലുള്ള കുറവും ശ്രദ്ധയിൽ പെട്ടതോടെയാണ് മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയത്.

പൊലീസ് ഇയാളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തപ്പോൾ കുറ്റം സമ്മതിക്കുകയായിരുന്നു. കഴക്കൂട്ടം സൈബർ സിറ്റി എ.സി അനിൽകുമാറിന്റെ നിർദ്ദേശത്തെ തുടർന്ന് മെഡിക്കൽ കോളേജ് സി.ഐ ബിനുകുമാർ എസ്.ഐ മാരായ ഡി. ഗിരിലാൽ, ബി. സാബു, സതീഷ് ശേഖർ, എ.എസ്.ഐ ലാൽകുമാർ എന്നിവരടങ്ങുന്ന സംഘമാണ് പിടികൂടിയത്.

പുനർ മൂല്യ നിർണയത്തിൽ പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച പട്ടം സെന്റ് മേരീസ് സ്കൂൾ വിദ്യാർത്ഥി അപർണ. എസ്

'ഒരു കൈ സഹായം' പദ്ധതി

തിരുവനന്തപുരം: സൂര്യകിരണം ചാരിറ്റബിൾ ട്രസ്റ്റിന്റെ 'ഒരു കൈ സഹായം' പദ്ധതിയുടെ ഭാഗമായി വഞ്ചിയൂർ ഗവ. ഹൈസ്കൂളിൽ നടന്ന പഠനോപകരണ വിതരണവും അവാർഡു വിതരണവും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

നഗരസഭാ കക്ഷി നേതാവ് അഡ്വ. വി.ജി. ഗിരികുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കെ. മുരളീധരൻ എം.എൽ.എ പഠനോപകരണ വിതരണം നിർവഹിച്ചു.

ഹെഡ്മിഡ്ട്രസ് അംബിക കുമാരി, പി.ടി.എ പ്രസിഡന്റ് മുരുകൻ ആശാരി, ട്രസ്റ്റ് പ്രസിഡന്റ് സന്തോഷ് കുമാർ. ആർ, സെക്രട്ടറി അജിത സന്തോഷ് എന്നിവർ സംസാരിച്ചു.

സൂര്യകിരണം ചാരിറ്റബിൾ ട്രസ്റ്റിന്റെ 'ഒരു കൈ സഹായം' പദ്ധതിയുടെ ഭാഗമായി വഞ്ചിയൂർ ഗവ. ഹൈസ്കൂളിൽ നടന്ന പഠനോപകരണ വിതരണവും അവാർഡ് വിതരണവും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

SURIYA
FARMER

കടൈക്കുട്ടി സിങ്കം സിനിമയുടെ പ്രചാരണാർത്ഥം തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ നടന്ന പത്രസമ്മേളനത്തിൽ നടൻ കാർത്തി വിശേഷങ്ങൾ പങ്കുവയ്ക്കുന്നു. സംവിധായകൻ പാണ്ഡിരാജ് സമീപം
ഫോട്ടോ: അജയ് മധു

കാവിൻപുറം ഗ്രന്ഥശാല വാർഷികം

മലയിൻകീഴ്: മാറനല്ലൂർ കാവിൻപുറം പ്രിയദർശിനി ഗ്രന്ഥശാല വാർഷികം ഐ. ബി. സതീഷ്. എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ഗ്രന്ഥശാല പ്രസിഡന്റ് ജി. ചന്ദ്രബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് അംഗം വി. ആർ. രമാകുമാരി, സെക്രട്ടറി സജിജോസ് എക്സിക്യൂട്ടീവ് അംഗം കുവളശ്ശേരി പ്രഭാകരൻ, യുവകവികളായ കുറ്റിയാണിക്കാട് ദിലീപ്, സുമേഷ്കൃഷ്ണ, എക്സിക്യൂട്ടീവ് അംഗം ഷാജികുന്നിൽ എന്നിവർ സംസാരിച്ചു. വാർഷിക ആഘോഷങ്ങളുടെ ഭാഗമായി കലാ കായിക മത്സരങ്ങളും പഠനോപകരണങ്ങളും അവാർഡ് വിതരണവുമുണ്ടായിരുന്നു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3, 5, 12

പഠനോത്സവവും സമ്മേളനവും

കോവളം: കെ.എസ്.കെ.ടി.യു, എസ്.എഫ്.ഐ പയറ്റുവിള ലോക്കൽ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പഠനോത്സവവും അനുമോദന സമ്മേളനവും സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു. എസ്. വിജയകുമാർ അദ്ധ്യക്ഷനായിരുന്നു.

അദ്ധ്യാപക - സാഹിത്യ രംഗങ്ങളിൽ നിരവധി അവാർഡുകൾ വാങ്ങിയ ആമച്ചൽ സുരേന്ദ്രനെയും കേരള സർവകലാശാലയിൽ നിന്നും ചരിത്ര വിഭാഗത്തിൽ ഡോക്ടറേറ്റ് നേടിയ ബി.വി. നന്ദകുമാറിനെയും ആദരിച്ചു. സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പനെ കെ.എസ്.കെ.ടി.യു കോവളം ഏരിയാ സെക്രട്ടറി എസ്. മണിയൻ അനുമോദിച്ചു.

എസ്.എസ്.എൽ.സി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ കോവളം ഏരിയാ സെക്രട്ടറി അഡ്വ. പി.എസ്. ഹരികുമാർ അനുമോദിച്ചു.

പഠനോപകരണ വിതരണം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. എസ്.കെ. പ്രീജ നിർവഹിച്ചു. ജില്ലാ കമ്മിറ്റി അംഗം പി. രാജേന്ദ്രകുമാർ, കോവളം ഏരിയാ കമ്മിറ്റി അംഗങ്ങളായ എം.വി. മൻമോഹൻ, എസ്. മണിയൻ, പയറ്റുവിള ലോക്കൽ സെക്രട്ടറി സി. തങ്കരാജ്, കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എസ്. സജി, കെ.എസ്.കെ.ടി.യു. കോവളം ഏരിയാ കമ്മിറ്റി അംഗം മോഹനൻ നായർ, എസ്.എഫ്.ഐ ജില്ലാ വൈസ് പ്രസിഡന്റ് ശിജിത്, കോവളം ഏരിയാ സെക്രട്ടറി ചന്തു, പയറ്റുവിള ലോക്കൽ സെക്രട്ടറി മനു. എം.എസ്, സി.പി.എം പനപ്പഴിഞ്ഞി ബ്രാഞ്ച് സെക്രട്ടറി ബി. ജോയി എന്നിവർ സംസാരിച്ചു.

പയറ്റുവിളയിൽ നടന്ന പഠനോത്സവം സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്യുന്നു. കോവളം ഏരിയാ സെക്രട്ടറി അഡ്വ. പി.എസ്. ഹരികുമാർ, ജില്ലാ കമ്മിറ്റി അംഗം പി. രാജേന്ദ്രകുമാർ, പയറ്റുവിള എസ്. മണിയൻ തുടങ്ങിയവർ സമീപം

നഗരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം

തിരുവനന്തപുരം : എൻ.ജി.ഒ യൂണിയന്റെ സെക്രട്ടേറിയറ്റ് മാർച്ചും ധർണയും നടക്കുന്നതിനാൽ ഇന്ന് രാവിലെ 11 മുതൽ നഗരത്തിൽ മ്യൂസിയം -ആർ.ആർ ലാംബ് -രക്തസാക്ഷി മണ്ഡപം-വി.ജെ.ടി-സ്റ്റാച്യു-ആയുർവേദ കോളേജ്-ഓവർബ്രിഡ്ജ്- വരെയുള്ള റോഡിലും വെള്ളയമ്പലം -ആൽത്തറ-വഴുതക്കാട് റോഡിലും ഗതാഗത ക്രമീകരണം ഉണ്ടായിരിക്കും.

നെടുമങ്ങാട് ഭാഗത്തുനിന്നു തമ്പാനൂരിലേക്കുംകിഴക്കേകോട്ടയിലേക്കും പോകേണ്ട വാഹനങ്ങൾ പേരൂർക്കടയിൽ നിന്നു തിരിഞ്ഞ് പൈപ്പിൻമൂട്-ശാസ്തമംഗലം-ഇടപ്പഴിഞ്ഞി-എസ്.എം.സി ജംഗ്ഷൻ വഴിയും, കഴക്കൂട്ടം-കോവളം ബൈപ്പാസ് വഴി ആറ്റിങ്ങൽ ഭാഗത്തുനിന്നു തമ്പാനൂർ-കിഴക്കേകോട്ട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഉള്ളൂർ-മെഡിക്കൽ കോളേജ്-കണ്ണമ്മൂല-പാറ്റൂർ -ആശാൻസ്ക്വയർ-അണ്ടർ പാസ് വഴിയും, ജാഥക്കാർ മ്യൂസിയം കേന്ദ്രീകരിക്കുന്ന സമയം മുതൽ വെള്ളയമ്പലം ജംഗ്ഷനിൽ നിന്നു എല്ലാ വാഹനങ്ങളും ആൽത്തറ-എസ്.എം.സി വഴുതക്കാട്-സാനഡു വഴിയും പോകണം.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും 0471 2558731, 0471 2558732 എന്നീ നമ്പരുകളിൽ അറിയിക്കണമെന്ന് അസിസ്റ്റന്റ് കമ്മിഷണർ അറിയിച്ചു.